©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2020 മേയ് 29<br>29th May 2020<br>1195 ഇടവം 15<br>15th Idavam 1195<br>1942 ജ്യേഷ്ഠം 8<br>8th Jyaishta 1942 | നമ്പർ<br>No. | 1295 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ.(അച്ചടി) നം. 40/2020/തസ്വഭവ.**

*തിരുവനന്തപുരം, 2020 മേയ് 26*
*1195 ഇടവം 12.*

**എസ്. ആർ. ഒ. നമ്പർ 352/2020**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 6-ാം വകുപ്പ് (4)-ാം ഉപവകുപ്പും 254-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ 1994 ജൂൺ 28-ാം തീയതിയിലെ സ.ഉ.(എം.എസ്) 156/94/ത.ഭ.വ നമ്പർ ഉത്തരവ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരം പുറപ്പെടുവിച്ചതും 1994 ജൂൺ 28-ാം തീയതിയിലെ 659-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 894/94 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1994-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2020-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) രണ്ടാം ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതികൾ.- 1994-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ചട്ടങ്ങളിൽ, 3-ാം ചട്ടത്തിൽ,-

(1) (എ) ഖണ്ഡത്തിൽ,-

(എ) (i)-ാം ഉപഖണ്ഡത്തിൽ, "പതിനാല്" എന്ന വാക്കിന് പകരം "പതിമൂന്ന്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (ii)-ാം ഉപഖണ്ഡത്തിൽ "ഇരുപത്തിനാല്", "പതിനാല്" എന്നീ വാക്കുകൾക്ക് പകരം, യഥാക്രമം "ഇരുപത്തിമൂന്ന്", "പതിമൂന്ന്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (ബി) ഖണ്ഡത്തിൽ,-

(എ) (i)-ാം ഉപഖണ്ഡത്തിൽ "പതിനാല്" എന്ന വാക്കിന് പകരം "പതിമൂന്ന്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (ii)-ാം ഉപഖണ്ഡത്തിൽ "ഇരുപത്തിനാല്", "പതിനാല്" എന്നീ വാക്കുകൾക്ക് പകരം യഥാക്രമം "ഇരുപത്തി മൂന്ന്", "പതിമൂന്ന്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (സി) ഖണ്ഡത്തിൽ,-

(എ) (i)-ാം ഉപഖണ്ഡത്തിൽ "പതിനേഴ്" എന്ന വാക്കിന് പകരം "പതിനാറ്"എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (ii)-ാം ഉപഖണ്ഡത്തിൽ 'മുപ്പത്തിമൂന്ന്", "പതിനേഴ്" എന്നീ വാക്കുകൾക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പകരം, യഥാക്രമം "മുപ്പത്തിരണ്ട്", "പതിനാറ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ശാരദ മുരളീധരൻ
പ്രിൻസിപ്പൽ സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2020-ലെ 32) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുകയുണ്ടായി. പ്രസ്തുത ഭേദഗതിക്കൾക്കനുസൃതമായി 1994-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by PRADEEP.V.S
Date:2020.05.29 03:48:45 +05:30